# നോമ്പുക്കാലം

## വചന വിചിന്തനം

### നോമ്പുക്കാലം : രണ്ടാം ഞായർ

### മത്താ 7,15–27

"മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു;
കർത്താവാകട്ടെ ഹൃദയഭാവത്തിലും"
(1 സാമു 16,7)

*ആത്മീയത അധരവ്യായാമമല്ല!
ആത്മീയതയുടെ അളവുകോൽ
ദൈവഹിതം നിറവേറ്റുക എന്നതാണ്.
അതുകൊണ്ടുതന്നെ ക്രിസ്തു പറഞ്ഞ് വയ്ക്കുന്നു;
" കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല,
എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്,
സ്വർഗരാജ്യത്തിൽ പ്രവേശിക്കുക."*
(മത്താ 7,21)

"നല്ല വൃക്ഷം
നല്ല ഫലവും
ചീത്ത വൃക്ഷം
ചീത്തഫലവും
നൽകുന്നു.."
ചുരിക്കത്തിൽ,
നിന്റെ പ്രവർത്തികൾ
നിന്നെ വ്യാഖ്യാനിക്കും!

"എന്റെ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും" (മത്താ 7,24) കർത്താവ് വചനഭാഗത്തിലൂടെ പറഞ്ഞ് വയ്ക്കുന്നതിന്റെ സംക്ഷേപകം ഇത്രമാത്രമാണ്. ഈ സംക്ഷേപകത്തെ സ്പഷ്ടമാക്കുന്നതിന് അനുദിനജീവിതത്തിലെ അനേകം ഉദാഹരണങ്ങൾ ക്രിസ്തു ചേർത്തു വയ്ക്കുന്നു. വചനങ്ങളുടെ അടിസ്ഥാനത്തിൽ ആരൊക്കെയാണ് വിവേകികളും വിവേകശൂന്യരുമെന്ന് കർത്താവ് വരച്ച് കാണിക്കുന്നു.

വിവേകികൾ ക്രിസ്തുവിന്റെ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവരാണ്. കാരണം, അവർ പാറമേൽ ഭവനം പണിത വിവേകികളെപ്പോലെയാണ്. എന്തുകൊണ്ടെന്നാൽ, മഴപെയ്താലും, വെള്ളപ്പൊക്കമുണ്ടായാലും, കാറ്റൂതിയാലും, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചാലും അതു വീഴുകയില്ല. കാരണം, അതു ഉറച്ച പാറമേൽ സ്ഥാപിതമായിരുന്നു. എന്നാൽ, വിവേകശൂന്യർ ക്രിസ്തുവിന്റെ വചനങ്ങൾ കേൾക്കുകയും അത് അനുസരിക്കാതിരിക്കുകയും ചെയ്യുന്ന മണൽപ്പുറത്തു ഭവനം പണിത ഭോഷനു തുല്യനായിരിക്കും. മഴപെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു, അതു വീണുപോയി. അതിന്റെ വീഴ്ച വലുതായിരുന്നു. അത് കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർന്നുപ്പോയി.

ക്രിസ്തു നമ്മുക്ക് മുന്നിൽ രണ്ട് ഓപ്ഷൻ വയ്ക്കുകയാണ്. നിനക്ക് ഒരു തിരഞ്ഞെടുപ്പ് നടത്താം. നിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഒരു തിരഞ്ഞെടുപ്പ്. ഈ തിരഞ്ഞെടുപ്പ് നീ വിവേകിയാണോ, അതോ, വിവേകശൂന്യനാണോ എന്ന് വ്യാഖ്യാനിക്കുന്നതിന് സഹായിക്കും. വി.മർക്കോസിന്റെ സുവിശേഷത്തിൽ ഏഴാം അദ്ധ്യായത്തിൽ ആറാം വാക്യത്തിൽ ഏശയ്യ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് ക്രിസ്തു പറയുന്നു;

"ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്" (മർക്കോ 7,6). ഒന്നു തിരിച്ചിട്ടാൽ ഇതുതന്നെയാണ് ക്രിസ്തു ഇവിടെയും പറഞ്ഞ് വയ്ക്കുന്നത്, "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ 7,21). ആധരങ്ങൾക്കൊണ്ട് കർത്താവിനെ വിളിച്ചപേക്ഷിക്കാൻ എളുപ്പമാണ്. പക്ഷെ, അധരങ്ങൾക്കൊപ്പം ഹൃദയവും, ഹൃദയങ്ങൾക്കൊപ്പം അധരവും ചേർന്ന ജീവിത ശൈലിയാണ് ക്രിസ്തു ആഗ്രഹിക്കുന്നത്. കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിൽ പോകില്ല എന്നല്ല ക്രിസ്തു പറയുന്നത്. മറിച്ച്, കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നതിനോടൊപ്പം സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക എന്നാണ്.

ഉൽപ്പത്തി പുസ്തകത്തിൽ കണ്ടുമുട്ടുന്ന രണ്ട് കഥാപാത്രങ്ങൾ, കായേനും ആബേലും. ആദം തൻെറ ഭാര്യയായ ഹവ്വായോടുചേർന്നു. അവൾ ഗർഭംധരിച്ചു കായേനെപ്രസവിച്ചു. അവൾ പറഞ്ഞു: കർത്താവു കടാക്ഷിച്ച് എനിക്കു പുത്രനെ ലഭിച്ചിരിക്കുന്നു. പിന്നീട്, അവൾ കായേൻെറ സഹോദരൻ ആബേലിനെ പ്രസവിച്ചു. ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനും. ഒരിക്കൽ കായേൻ തൻെറ വിളവിൽ ഒരു ഭാഗം കർത്താവിനു കാഴ്ച സമർപ്പിക്കുന്നു. ഇത് കാണുന്ന ആബേലും തൻെറ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽക്കുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടുത്തേക്കു കാഴ്ചവച്ചു. ആബേലിലും അവൻെറ കാഴ്ച വസ്തുക്കളിലും ദൈവം പ്രസാദിച്ചു. എന്നാൽ, കായേനിലും അവൻെറ കാഴ്ച വസ്തുക്കളിലും ദൈവം പ്രസാ ദിച്ചില്ല. ദൈവത്തിന്റെ ഈ പ്രവർത്തി കായേനെ അത്യധികം കോപിപ്പിച്ചു. അവൻെറ മുഖം കറുത്തു. ഇത് കാണുന്ന കർത്താവു കായേനോടു ചോദിക്കുന്നു;

"നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിൻെറ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്?"

കർത്താവിന്റെ ചോദ്യത്തിനുമുമ്പിൽ കായേന്റെ നീണ്ട നിശബ്ദത കാണുമ്പോൾ കർത്താവ് അവനെ ഉപദേശിക്കുന്നത് ഇപ്രകാരമാണ്;

"ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ല തുചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം."

കർത്താവ് ഹൃദയങ്ങൾ കാണുന്നവനാണ് എന്നതിന് ഇതി നേക്കാൾ നല്ല ഉദാഹരണമില്ല. ആബേലും കായേനും ബലിയർപ്പിച്ചു. പക്ഷെ, ആബേൽ വിശുദ്ധമായ ലക്ഷ്യത്തോട് കൂടി വിശുദ്ധമായി ബലി യർപ്പിച്ചു. പക്ഷെ, കായേൽ, വിശുദ്ധമായ ലക്ഷ്യത്തോട് കൂടെ അശുദ്ധ മായി ബലിയർപ്പിച്ചു. അത് കർത്താവ് തിരസ്ക്കരിച്ചു. അതുകൊണ്ടാണ് കർത്താവ് പറഞ്ഞുവച്ചത്, "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ 7,21) എന്ന്.

**"നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും." തിയിലേയ്ക്ക് പോകണോ? അതോ, സ്വർഗ്ഗത്തിലേയ്ക്ക് പോകണോ? നിന്റെ ഉത്തരം നിന്റെ ജീവിതത്തെ മാറ്റി മറിയ്ക്കും!**

ഈ അടുത്ത നാളുകളിൽ സോഷ്യൽ മീഡിയാകളിൽ ഏറെ പങ്കു വയ്ക്കപ്പെട്ട സാരോപദേശ കഥകളിലൊന്ന് "പുളി രസമുള്ള ഓറഞ്ചിന്റെ മാധുര്യം" എന്നതാണ്. ഒരാൾ പതിവായി ഒരു വയസ്സായ സ്ത്രീയുടെ കയ്യിൽ നിന്നും ഓറഞ്ചുകൾ വാങ്ങിക്കുമായിരുന്നു. തൂക്കി നോക്കി, കാശുകൊടുത്ത് വാങ്ങി, തന്റെ ബാഗിൽ ഇട്ടതിനു ശേഷം പതിവായി അതിൽ നിന്ന് ഒരു ഓറഞ്ച് എടുത്ത് പൊളിച്ച് ഒരു അല്ലി കഴിച്ചതിനു ശേഷം പുളി ആണെന്ന് പറഞ്ഞ് അത് ആ സ്ത്രീക്ക് തന്നെ തിരിച്ചു കൊടുക്കുമായിരുന്നു. വൃദ്ധ അതിൽ നിന്ന് ഒരു അല്ലി എടുത്ത് കഴിച്ചിട്ട് 'ഇതിനു മധുരം ആണല്ലോ?' എന്ന് ചോദിക്കുന്നുണ്ടാവും. പക്ഷെ, അപ്പോഴേക്കും തന്റെ ബാഗും എടുത്ത് അയാൾ പോയിരിക്കും. അയാളുടെ ഭാര്യ എപ്പോഴും അയാളോട് ചോദിക്കും 'ഓറഞ്ചിന് എപ്പോഴും നല്ല മധുരം ആണല്ലോ? പിന്നെ എന്തിനാണ് ഈ നാടകം?'

അയാൾ ചിരിച്ചുകൊണ്ട് പറയും; "ആ സ്ത്രീ മധുരമുള്ള ഓറഞ്ചുകൾ വിൽക്കുന്നുണ്ടെങ്കിലും, അതിൽനിന്നും ഒരണ്ണമെങ്കിലും അവർ കഴിക്കുന്നില്ല, ഇങ്ങനെ ആകുമ്പോൾ കാശ് നഷ്ടപ്പെടാതെ തന്നെ ഒരെണ്ണമെങ്കിലും കഴിക്കുവാൻ സാധിക്കുമല്ലോ!"

എല്ലാ ദിവസ്സവും ഇത് കാണുന്ന പച്ചക്കറികൾ വിൽക്കുന്ന മറ്റൊരു സ്ത്രീ വയസ്സായ സ്ത്രീയോട് ചോദിച്ചു; "എപ്പോഴും അയാൾ നിങ്ങളുടെ ഓറഞ്ചിനെപ്പറ്റി കുറ്റം പറയുന്നുണ്ടെങ്കിലും തൂക്കത്തിൽ കൂടുതൽ ഓറഞ്ച് നിങ്ങൾ അയാൾക്ക് കൊടുക്കുന്നത് ഞാൻ കാണുന്നുണ്ടല്ലോ?"

വയസ്സായ സ്ത്രീ ചിരിച്ചുകൊണ്ട് പറഞ്ഞു; "എനിക്കറിയാം... അയാൾ ഓറഞ്ചിനെ കുറ്റം പറഞ്ഞുകൊണ്ട്, തിരിച്ചു തരുന്നത് ഒരെണ്ണം എനിക്ക് കഴിക്കുവാൻ വേണ്ടിയാണെന്ന്. പക്ഷെങ്കിൽ എനിക്കത് അറിയാം എന്ന് അയാൾക്ക് അറിയില്ല. അതുകൊണ്ടാണ് തൂക്കത്തിൽ കൂടുതൽ ഓറഞ്ചുകൾ കൊടുക്കുന്നത്!"

അധരത്തോടൊപ്പം ഹൃദയവും കാണുന്നവാണ് കർത്താവെങ്കിൽ നാം സ്വന്തമാക്കേണ്ട ജീവിതശൈലിയും ഇതു തന്നെയാണ്. സഹജീവികളുടെ ഹൃദയവും കൂടി വായിച്ചെടുക്കുവാനുള്ള ജീവിതചര്യ. ജീവിതത്തിന്റെ മാധുര്യം നമുക്ക് നമ്മുടെ സഹജീവികളോട് തോന്നുന്ന കൊച്ചു കൊച്ചു സ്നേഹവും ബഹുമാനവും ഒക്കെ ആണെന്നുള്ള തിരിച്ചറിവും. ഒരിക്കലും മറക്കാതിരിക്കുക; "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക."

"വിവേകമില്ലാത്തവന്റെ വീഴ്ച വലുതായിരുന്നു..." വിവേകികൾ മാത്രമാണ് കർത്താവിന്റെ സന്നിദ്ധിയിൽ ധൈര്യപൂർവ്വം നിലയുറപ്പിക്കുന്നത്. വിവേകശൂന്യർ കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടും!

"രണ്ടു കാര്യങ്ങൾ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു;
അസത്യവും വ്യാജവും എന്നിൽനിന്ന്അകറ്റി നിർത്തണമേ;
ദാരിദ്ര്യമോ സമൃദ്ധിയോ എനിക്ക് തരരുതേ;
ആവശ്യത്തിന് ആഹാരം തന്ന്എന്നെ പോറ്റണമേ. !"

സുഭാ 30,8

ഫാ. ജോബി മേനോത്ത്
+91 944 7777 931